**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2557** **15-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ ഒഴിവുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</td><td colspan="2">ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സഹകരണ വകുപ്പിന്റെ കീഴിൽ ജൂനിയർ ഇൻസ്പെക്ടർ /ഓഡിറ്റർ തസ്തിക മുതൽ മുകളിലേക്കുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ; പ്രസ്തുത ഒഴിവുകൾ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്ന് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>
<table>
<tr><th>തസ്തിക</th><th>ഒഴിവ</th></tr>
<tr><td>ജൂനിയർ സഹകരണ ഇൻസ്പെക്ടർ/ ഓഡിറ്റർ</td><td>21</td></tr>
<tr><td>സീനിയർ സഹകരണ ഇൻസ്പെക്ടർ/ ഓഡിറ്റർ</td><td>18</td></tr>
<tr><td>സ്പെഷ്യൽ ഗ്രേഡ് സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ</td><td>15</td></tr>
<tr><td>സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ</td><td>3</td></tr>
<tr><td>സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ</td><td>0</td></tr>
<tr><td>സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ</td><td>0</td></tr>
<tr><td>സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ</td><td>1</td></tr>
</table>
ജൂനിയർ കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ടി തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത തസ്തികകളിൽനിന്നും ആറുമാസത്തിൽ അധികരിച്ച കാലയളവിലേക്ക് പ്രസവാവധി ഒഴികെയുള്ള അവധിയിലും അന്യത്രസേവനത്തിലും പ്രവേശിച്ചവരുടെ വിശദാംശം ലഭ്യമാക്കുമോ; മേൽപ്പറഞ്ഞവയിൽ എത്രയെണ്ണം ഒഴിവുകളായി</td><td>(ബി)</td><td>സഹകരണ വകുപ്പിൽ ആറു മാസങ്ങളിൽ അധികരിച്ച പ്രസവാവധി ഒഴികെ 4 ഇൻസ്പെക്ടർമാർ/ഓഡിറ്റർമാർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. സഹകരണ വകുപ്പിൽ നിന്നും 6 മാസങ്ങളിൽ അധികരിച്ച് മറ്റ് ഡിപ്പാർട്ട്മെന്റുകളിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോയവർ</td></tr>
</table>

| | | | |
|---|---|---|---|
| | പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ; | | ആരും തന്നെ ഇല്ല . ടി ഒഴിവുകൾ പുതിയ ഒഴിവുകളിൽ ഉൾപെടുത്തി പി. എസ്. സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| (സി) | ടീം ഓഡിറ്റുമായി ബന്ധപ്പെട്ട എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളതെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (സി) | നിലവിലുള്ള ജീവനക്കാരെ പുനർ വിന്യസിച്ചു കൊണ്ടാണ് ഇപ്പോൾ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കിവരുന്നത്. |
| (ഡി) | സഹകരണ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫറിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ; ഓൺലൈൻ ട്രാൻസ്ഫർ കാരണം ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നികത്തുമോ; | (ഡി) | സഹകരണ വകുപ്പിൽ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈൻ സമ്പ്രദായം മുഖേന നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 04.06.2023 ലെ സ.ഉ(കൈ)നം.8/2023/സഹ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കുന്നതിനായി സ്പാർക്ക് മുഖേന ജീവനക്കാരിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഉണ്ടായ വിവിധ നിയമ വിഷയങ്ങൾ പരിഹരിച്ച് സഹകരണ സംഘം രജിസ്ട്രാർ ജീവനക്കാരുടെ ഓൺലൈൻ കരട് സ്ഥലമാറ്റ ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലം മാറ്റ പട്ടിക സംബന്ധിച്ച് ജീവനക്കാരുടെ ആക്ഷേപങ്ങൾ ക്ഷണിച്ചിരുന്നു. ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിനായി ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി ആക്ഷേപങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്.<br><br>പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന സഹകരണ വകുപ്പിലെ തസ്തികകളിലേക്ക് ഒഴിവുകൾക്കനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഇ) | സഹകരണ വകുപ്പിലെ ജൂനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് 2013ൽ നിലവിൽവന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടന്നിരുന്നുവെന്നും നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനം നടന്നുവെന്നും വ്യക്തമാക്കുമോ? | (ഇ) | സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് 2013 ൽ നിലവിൽ വന്ന പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും 915 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും 24.08.2024 വരെ 391 നേരിട്ടുള്ള നിയമനവും ഗ്രാമസേവകരിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ നിയമനം വഴി 197 നിയമനങ്ങളും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ